(സി) ഉണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇതുസംബന്ധിച്ച് വെള്ളറട സ്റ്റേഷനിൽ കുറ്റകരമായ നരഹത്യയ്ക്ക് ഇന്ത്യൻ ശിക്ഷാ നിയമം 324, 304(11), 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 167/99 നമ്പരായി രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

(ഇ) ആശ്രമ ജീവനക്കാരായ ജയകുമാർ, വിജയകുമാർ എന്നിവരെ പ്രതികളാക്കിയിട്ടുണ്ട്. ഇതിൽ ജയകുമാർ ഒളിവിലും വിജയകുമാർ ചികിത്സയിലും ആയതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(എഫ്)&(ജി) ക്രൈം ബ്രാഞ്ച് സി.ഐ.ഡി. അന്വേഷണം നടത്തി വരികയാണ്.

രാഷ്ട്രീയ കൊലപാതകങ്ങൾ

60 (1535) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കൊലപാതകങ്ങളുണ്ടായി; ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;

(ബി) ഒരു ദിവസം തന്നെ ഒന്നിലധികം രാഷ്ട്രീയ കൊലപാതകങ്ങൾ നടന്ന എത്ര സംഭവങ്ങൾ ഈ കാലയളവിലുണ്ടായി;

(സി) ഈ കാലയളവിൽ എത്ര സ്ത്രീകളും കുട്ടികളും വധിക്കപ്പെട്ടു;

(ഡി) ഈ കാലയളവിൽ കൊല്ലപ്പെട്ടവരിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എത്രയുണ്ട്; ഇവരിൽ സ്ത്രീകളെത്ര?

ഉത്തരം

(എ) 1728 കൊലപാതകങ്ങൾ ഉണ്ടായതിൽ 47 എണ്ണം രാഷ്ട്രീയ കൊലപാതകങ്ങളാണ്.

(ബി) അഞ്ചു സംഭവങ്ങൾ.

(സി) 392 സ്ത്രീകളും 262 കുട്ടികളും വധിക്കപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 121 പേർ കൊല്ലപ്പെട്ടു. ഇവരിൽ 43 സ്ത്രീകൾ ഉൾപ്പെടുന്നു.

ബിപിൻ ബോസിന്റെ മരണം

61 (1536) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറുപ്പുന്തറ സ്വദേശി കാഞ്ഞിരത്തുംമൂട്ടിൽ ബിപിൻ ബോസിന്റെ മരണം കൊലപാതകമാണെന്ന് ആരോപിക്കുന്ന പരാതികൾ ലഭിച്ചിരുന്നുവോ; വിശദാംശം നൽകുമോ;

(ബി) ഈ മരണത്തെക്കുറിച്ച് ലോക്കൽ പോലീസിന്റെ അന്വേഷണത്തിലെ നിഗമനങ്ങൾ എന്തൊക്കെയാണ്;

(സി) ബിപിൻ ബോസിന്റെ മരണം സംബന്ധിച്ച് അന്വേഷണം ക്രൈം ബ്രാഞ്ചിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly